ഭരണ ഭാഷ-മാതൃഭാഷ

ICDS/B6-20509/2019 (1)

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 21/04/2021
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

# പരിപത്രം

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- ഐ.സി.ഡി.എസ്-അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്ന/ജോലിയിൽ വീഴ്ച വരുത്തുന്ന അങ്കണവാടി പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കുന്നത്- സ്പഷ്ടീകരണം -സംബന്ധിച്ച്

സൂചന:-1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 21/05/2004 ലെ ഐ.സി.ഡി.എസ് /എ1-24624/03 നം. ഉത്തരവ്

2. ഈ കാര്യാലയത്തിലെ 13/02/2020 ലെ ICDS/B6-20509/2019 നം. പരിപത്രം

ഐ.സി.ഡി.എസ് പ്രോജക്ടുകളിലെ അങ്കണവാടി പ്രവർത്തകരിൽ ചിലർ അനധികൃതമായി ദീർഘകാലം ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നതായും, ഗുരുതര ക്രമക്കേടുകൾ ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഇത്തരക്കാരെ ശിശു വികസന പദ്ധതി ഓഫീസർമാർ താക്കീതു നൽകി ജോലിയിൽ തുടരാനനുവദിക്കുന്നതായി കാണുന്നു. ഇത്തരത്തിൽ വീഴ്ചകളെ ലഘൂകരിക്കുന്നത് അങ്കണവാടിയുടെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ജോലിയിൽവീഴ്ച വരുത്തുന്ന അങ്കണവാടി പ്രവർത്തകർക്കെതിരെ സ്വീകരിക്കേണ്ട നടപടികളെപ്പറ്റിയുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സൂചനകൾ പ്രകാരം ഉത്തരവാക്കിയിട്ടുള്ളതാണ്. എന്നാൽ സൂചന(1) നടപടിക്രമത്തിലും സൂചന(2) പരിപത്രത്തിലും ടി പ്രവർത്തകർക്കെതിരെ നടപടി സ്വീകരിക്കാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനെ സംബന്ധിച്ച് വ്യക്തത വരുത്തണമെന്ന് വിവിധ സി.ഡി.പി.ഒ മാർ ആവശ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ ടി വിഷയത്തിൽ 21/05/2004 ലെ ബഹു.സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ നടപടി ക്രമങ്ങളിലെ നിബന്ധനകൾക്കനുസൃതമായി ഇനി പറയും പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് നടപടികൾ സ്വീകരിക്കുവാൻ ഉത്തരവാകുന്നു.

1. അങ്കണവാടി പ്രവർത്തകർ അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുകയോ, സൂചന(1) നടപടിക്രമങ്ങളിൽ പരാമർശിച്ചിരിക്കുന്ന പ്രകാരം ഗുരുതര വീഴ്ചകൾ/കുറ്റങ്ങൾ വരുത്തുകയോ ചെയ്യുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ, കുറ്റം ചെയ്തവരിൽ നിന്നും രേഖാമൂലം വിശദീകരണം തേടേണ്ടതും, ആവശ്യമെങ്കിൽ ഒരു ഹിയറിംഗിന് അവസരം നൽകേണ്ടതുമാണ്.
2. അപ്രകാരം വിശദീകരണം നൽകുന്നതിന് പരമാവധി രണ്ടാഴ്ച സമയം ബന്ധപ്പെട്ട പ്രവർത്തകയ്ക്ക് സി.ഡി.പി.ഒ നൽകേണ്ടതും പ്രസ്തുത കാലയളവിനുള്ളിൽ ടിയാൻ നേരിട്ടോ രേഖമൂലമോ തൃപ്തികരമായ വിശദീകരണം നൽകാത്ത പക്ഷം നിയമന അധികാരിയായ സി.ഡി.പി.ഒ യ്ക്ക് 21/05/2004 ലെ നടപടി ക്രമങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത അങ്കണവാടി പ്രവർത്തകയെ സേവനത്തിൽ നിന്നും നീക്കം ചെയ്യാവുന്നതാണ്.
3. ഇപ്രകാരം അങ്കണവാടി പ്രവർത്തകരെ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിന് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ അനുമതി ആവശ്യമില്ലാത്തതാണ്.
4. ഇക്കാര്യങ്ങളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട നിയമനാധികാരിക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി

SOPHY JACOB
PEN 457974
Assistant Director
Women and Child Development Department
Thiruvananthapuram - 695 012

1. എല്ലാ ജില്ലാ വനിതാ ശിശു ഓഫീസർമാർക്കും
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ സി.ഡി.പി.ഒ മാർക്കും